**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1844** **02-02-2024 - ൽ മറുപടിയ്ക്ക്**

**മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാസ്റ്റർ ഷെസിൻ റിയാൻ (6 വയസ്സ് ), ചാലിയന്റെ പറമ്പത്ത് ,അത്തോളി, എന്ന കുട്ടിയുടെ മജ്ജമാറ്റി വക്കൽ ശസ്ത്രക്രിയക്കായി സമർപ്പിച്ച അപേക്ഷയിൽ തീരുമാനം കൈകൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മാസ്റ്റർ ഷെസിൻ റിയാൻ (6 വയസ്സ്) ചാലിയന്റെ പറമ്പത്ത്, അത്തോളി, എന്ന കുട്ടിയുടെ മജ്ജമാറ്റി വക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വി കെയർ പദ്ധതിയുടെ മെഡിക്കൽ കമ്മിറ്റി ശുപാർശയോടെ ഗവേണിംഗ് ബോഡി ചെയർപേഴ്സൺ ഗവേണിംഗ് ബോഡിയുടെ അനുമതി പ്രതീക്ഷിച്ച് 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ) അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് സമ്മതപത്രം അയക്കുന്നതിന് മുമ്പ്, ശസ്ത്രക്രിയാ തീയതി സ്ഥിരീകരിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷൻ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ 2023 മാർച്ച് 21 ന് മാസ്റ്റർ ഷെസിൻ റിയാന്റെ രണ്ടാമത്തെ ശസ്ത്രക്രിയ കഴിഞ്ഞതാണ് എന്ന വിവരം ആശുപത്രി അധികൃതരിൽ നിന്നും അറിയുവാൻ കഴിഞ്ഞു. വി കെയർ പദ്ധതി മാർഗരേഖ പ്രകാരം ചികിത്സക്ക് ചെലവായ തുക റീ-ഇമ്പേഴ്സ് (ചികിത്സ കഴിഞ്ഞ ശേഷം ചികിത്സ ചെലവ് അനുവദിച്ചു നൽകൽ) ചെയ്തു നൽകുന്നതിന് വ്യവസ്ഥ ഇല്ല. ആയതിനാൽ മാസ്റ്റർ ഷെസിൻ റിയാന്റെ അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല എന്ന വിവരം രേഖാമൂലം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | സാമ്പത്തികമായി ഏറെ പ്രയാസം അനുഭവിക്കുന്ന ഷെസിൻ റിയാന്റെ ചികിത്സയ്ക്ക് സഹായം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ? | (ബി) | മാസ്റ്റർ ഷെസിൻ റിയാൻ (6 വയസ്സ്) ചാലിയന്റെ പറമ്പത്ത്, അത്തോളി, എന്ന കുട്ടിയുടെ മജ്ജമാറ്റി വക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വി കെയർ പദ്ധതിയുടെ മെഡിക്കൽ കമ്മിറ്റി ശുപാർശയോടെ ഗവേണിംഗ് ബോഡി ചെയർപേഴ്സൺ ഗവേണിംഗ് ബോഡിയുടെ അനുമതി പ്രതീക്ഷിച്ച് 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ) അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് സമ്മതപത്രം അയക്കുന്നതിന് മുമ്പ്, |

| | | | |
|---|---|---|---|
| | | | ശസ്ത്രക്രിയാ തീയതി സ്ഥിരീകരിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷൻ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ 2023 മാർച്ച് 21 ന് മാസ്റ്റർ ഷെസിൻ റിയാന്റെ രണ്ടാമത്തെ ശസ്ത്രക്രിയ കഴിഞ്ഞതാണ് എന്ന വിവരം ആശുപത്രി അധികൃതരിൽ നിന്നും അറിയുവാൻ കഴിഞ്ഞു. വി കെയർ പദ്ധതി മാർഗരേഖ പ്രകാരം ചികിത്സക്ക് ചെലവായ തുക റീ-ഇമ്പേഴ്സ് (ചികിത്സ കഴിഞ്ഞ ശേഷം ചികിത്സ ചെലവ് അനുവദിച്ചു നൽകൽ) ചെയ്തു നൽകുന്നതിന് വ്യവസ്ഥ ഇല്ല. ആയതിനാൽ മാസ്റ്റർ ഷെസിൻ റിയാന്റെ അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല എന്ന വിവരം രേഖാ മൂലം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ